"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - കോട്ടയം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായ ശ്രീ.വിഷ്ണു.എൻ - ന് UGC NET PAPER 1: TEACHING AND RESEARCH APTITUDE എന്ന പുസ്തകം പ്രസിദ്ധീകരിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1592/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 02/09/2020

---

പരാമർശം:- 1 ശ്രീ.വിഷ്ണു.എൻ - ന്റെ 18.09.2019 ലെ അപേക്ഷ.

2 പഞ്ചായത്ത് ഡയറക്ടറുടെ 21.12.2019 ലെ ഇ4-13116/19നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായ ശ്രീ.വിഷ്ണു.എൻ - ന് UGC NET PAPER 1: TEACHING AND RESEARCH APTITUDE എന്ന പുസ്തകം പ്രസിദ്ധീകരിക്കുന്നതിന് അനുമതിയ്ക്കായി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിലെ കല്ലറ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കായ ശ്രീ.വിഷ്ണു.എൻ ന് UGC NET PAPER 1: TEACHING AND RESEARCH APTITUDE എന്ന പുസ്തകം പ്രസിദ്ധീകരിക്കുന്നതിന് സർക്കാരിനെയോ, സർക്കാരിന്റെ നയങ്ങളെയോ വിമർശിക്കുവാനോ,സ്വകാര്യ പ്രസാധകർ മുഖേന കച്ചവടാടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്നതിനോ, സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നതിനോ പാടില്ലെന്ന വ്യവസ്ഥ യിലും തന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് ഭംഗം വരാത്ത രീതിയിൽ പ്രവർത്തിയ്ക്കുന്നതാണെന്ന വ്യവസ്ഥയിലും 1960- ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48, ചട്ടം 62, ചട്ടം 63 എന്നിവയ്ക്ക് വിധേയമായും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3.സർക്കാർ നിർദ്ദേശിയ്ക്കുന്ന പക്ഷം പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്ന് ഏറ്റെടുക്കുകയോ തുടരുകയോ ചെയ്യാൻ പാടില്ലാത്തതുമാകുന്നു. ഈ വ്യവസ്ഥകളിൽ എന്തെങ്കിലും വീഴ്ച വരുത്തുന്ന

പക്ഷം ബന്ധപ്പെട്ട മേലധികാരി ടിയാനെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതും തുടർന്ന് ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അനുമതി പിൻവലിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ ബി**

**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം (പഞ്ചായത്ത് ഡയറക്ടർ മുഖേന)

സെക്രട്ടറി, കല്ലറ ഗ്രാമപഞ്ചായത്ത്, കോട്ടയം(പഞ്ചായത്ത് ഡയറക്ടർ മുഖേന)

ശ്രീ.വിഷ്ണു.എൻ, ക്ലാർക്ക്, കല്ലറ ഗ്രാമപഞ്ചായത്ത്, കോട്ടയം(പഞ്ചായത്ത് ഡയറക്ടർ മുഖേന)

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്(29.05.2020 ലെ ADV-B2/60/2020-PandARD നമ്പർ കുറിപ്പ് പ്രകാരം)

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്

ഡയറക്ടർ, ഐ. കെ. എം. (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്(20/ഇപിഎ1/2020/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ